# പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -6416 | 08.11.2016 ൽ മറുപടിയ്ക്ക്

## <u>സെക്രട്ടേറിയറ്റിലെ വനിതാ ജീവനക്കാരിയുടെ പരാതി</u>

| <u>**ചോദ്യം**</u><br>ശ്രീ.കെ.എസ്.ശബരീനാഥൻ | <u>**ഉത്തരം**</u><br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സെക്രട്ടേറിയറ്റിലെ ഒരു വനിതാ ജീവനക്കാരി തന്നെ മറ്റൊരു ജീവനക്കാരൻ പീഡിപ്പിക്കുവാൻ ശ്രമിച്ചുവെന്ന് കാണിച്ച് 14.10.2016 ൽ തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ രേഖാമൂലം പരാതി നൽകിയിട്ടുണ്ടോ; | (എ) സെക്രട്ടേറിയറ്റിലെ ഒരു വനിതാ ജീവനക്കാരിയെ മറ്റൊരു ജീവനക്കാരൻ അസഭ്യം വിളിച്ചുപറഞ്ഞ് ഭീഷണിപ്പെടുത്തി എന്നും സന്ദർശകരുടെ മുന്നിൽവച്ച് വനിതാ ജീവനക്കാരിയ്ക്കുനേരെ ജീവനക്കാരൻ ഹാജർബുക്ക് വലിച്ചെറിഞ്ഞു എന്നും കാണിച്ച് കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ 14.10.2016 തീയതിയിൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;<br>(സി) സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക അതിക്രമം തടയൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വ്യക്തിക്കെതിരെ നടപടി സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണ്;<br>(ഡി) അടിയന്തരമായി പരാതി അന്വേഷിച്ച് ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കുമോ? | (ബി), (സി) & (ഡി) ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം 1322/2016 u/s 294(b), 354, 506(i) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ